# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2800** **06.11.2019 ലെ മറുപടി**

## കടവന്തറ അമ്പനാട്ടുചിറ, പണ്ടാരച്ചിറ കൾവർട്ടുകളുടെ പണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ടി.തോമസ്: | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) തൃക്കാക്കര മണ്ഡലത്തിലെ കടവന്തറയിലെ അമ്പനാട്ടുചിറ, പണ്ടാരച്ചിറ കൾവർട്ടുകളുടെ പണി തുടങ്ങുവാനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ;<br><br>(ബി) ഈ പ്രവൃത്തിക്ക് എന്നാണ് ഭരണാനുമതി ലഭിച്ചതെന്നും എന്നാണ് ടെണ്ടർ ചെയ്തതെന്നും വിശദമാക്കാമോ;<br><br>(സി) ഈ പ്രവൃത്തികളുടെ കോൺട്രാക്ടർ ആരാണെന്നും ഈ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ; | (എ)യും (ബി)യും (സി)യും<br><br>അമ്പനാട്ടുചിറ ബോക്സ് കൾവർട്ട് പുനർനിർമ്മാണത്തിനായി 72.5 ലക്ഷം രൂപയുടെ (എഴുപത്തി രണ്ട് ലക്ഷത്തി അൻപതിനായിരം) പ്രവൃത്തി ടെണ്ടർ ചെയ്ത് 12.11.2018-ൽ കരാർ വച്ചിട്ടുളളതാണ്. ബോക്സ് കൾവർട്ടിന് കൂടുതൽ വെന്റ്‌വേ ലഭിക്കും വിധം പുതുക്കിയ പ്രപ്പോസൽ ഡിസൈൻ അംഗീകാരത്തിനായി ഐ.ഡി. ആർ.ബിയിൽ സമർപ്പിച്ചിരുന്നു. ബോക്സ് കൾവർട്ടിനൊപ്പം മെക്കാനിക്കൽ ഷട്ടർ നൽകാൻ സാധ്യമല്ല എന്ന് ഐ.ഡി.ആർ.ബി വിഭാഗം അറിയിച്ചതിനാൽ പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്നതിനുളള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പണ്ടാരച്ചിറ കൾവർട്ടിന്റെ പുനർ നിർമ്മാണത്തിനായി 77.62 ലക്ഷം രൂപയുടെ (എഴുപത്തി ഏഴ് ലക്ഷത്തി അറുപത്തി രണ്ടായിരം) പ്രവർത്തി ടെണ്ടർ ചെയ്ത് 22.11.2018-ൽ കരാറുകാരന് കൈമാറിയിട്ടുളളതാണ്. 12 മാസം പൂർത്തീകരണ കാലാവധിയുളള ഈ പ്രവർത്തിക്ക് കാര്യമായ പുരോഗതി കൈവരിച്ചിട്ടില്ലാത്തതിനാൽ ടി പ്രവൃത്തി പൂർത്തീകരണ കാലാവധിയായ 21.11.2019 ൽ തന്നെ പൂർത്തീകരിക്കാനുളള നിർദ്ദേശം കരാറുകാരന് നല്കിയിട്ടുണ്ട്. |

25.02.2016-ലെ സർക്കാർ ഉത്തരവ് (സാധ) നം.180/2016/ഡബ്ല്യൂ.ആർ.ഡി പ്രകാരം അമ്പനാട്ട് ചിറ കൾവർട്ടിന് 72.5 ലക്ഷം രൂപയുടെയും പണ്ടാരച്ചിറ കൾവർട്ടിന് 92.00 ലക്ഷം രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. 24.02.2018 ൽ ടി പ്രവൃത്തികൾക്ക് ടെണ്ടർ ചെയ്തെങ്കിലും വർക്ക് അവാർഡ് ചെയ്യാൻ സാധിക്കാതിരുന്നതു മൂലം 22.09.2018 ൽ അമ്പനാട്ട് ചിറ കൾവർട്ടിന് ടെണ്ടർ നം.32/ET/SEMICC/2018-19 പ്രകാരവും പണ്ടാരച്ചിറ കൾവർട്ടിന് ടെണ്ടർ നം. 33/ET/SEMICC/2018-19 പ്രകാരവും റീ- ടെണ്ടർ ചെയ്യുകയുണ്ടായി.

ടി പ്രവൃത്തികളുടെ കരാറുകാരന്റെ പേര് – കെ.പി.മുരളീധരൻ, പുത്തൻവീട്ടിൽ വീട്, ഇടക്കൊച്ചി.പി.ഒ, പിൻ - 682 010, എറണാകുളം ജില്ല

(ഡി) ഈ പ്രവൃത്തികൾ അനാവശ്യമായി നീണ്ടുപോകുന്നതിന് കാരണക്കാരനായ കോൺട്രാക്ടർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(ഡി) പണ്ടാരച്ചിറ ബോക്സ് കൾവർട്ടിന്റെ പുനർ നിർമ്മാണത്തിനു വേണ്ടിയുള്ള പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള കരാറുകാരനോട് പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. അല്ലാത്തപക്ഷം സർക്കാരിനുണ്ടാകുന്ന നഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുമെന്ന് രേഖാമൂലം അറിയിച്ചിട്ടുമുണ്ട്.

**സെക്ഷൻ ഓഫീസർ**